നോവൽ - 12

# കുഞ്ഞാവ

• കെ.ടി ബാബുരാജ്

പെട്ടെന്നാണ് രണ്ട് ജീപ്പുകൾ ഇടവഴിയിൽ വന്നു നിന്നത്. ജീപ്പിൽനിന്നും ആരൊക്കെയോ ഇറങ്ങുന്നു. കുട്ടികളുടെ ഒച്ചകൾകൊണ്ട് അവിടമാകെ നിറഞ്ഞു.

ചിഞ്ചൂ.. അവർ വന്നു. വാലാട്ടിപ്പക്ഷി പറഞ്ഞു. അതും പറഞ്ഞ് വാലാട്ടിപ്പിക്ഷി പറന്നുപോയി. അടുത്തുള്ള മരക്കൊമ്പിൽ ചെന്നിരുന്നു. ഇലകൾക്കിടയിലൂടെ നോക്കി.

അമ്മമ്മ മുറ്റത്തിറങ്ങി ഇടവഴിയോളം ചെന്നു.

ചിഞ്ചുവിനെ കാണാൻ എല്ലാവർക്കും ധൃതിയായിരുന്നു.

ആയമ്മേ, ചിഞ്ചു എവ്ടെ... കുഞ്ഞാവ ചോദിച്ചു.

അവിടുണ്ട്.

ചിഞ്ചൂ... ചിഞ്ചൂന്ന് ജുഗുനു നീട്ടിവിളിച്ചു.

എല്ലാവരും ജാലകത്തിനരികിലേക്കാണ് ഓടിച്ചെന്നത്. കുഞ്ഞാവയെ എടുത്ത് അമ്മ ജാലകത്തിനുമുകളിൽ നിർത്തി. കുഞ്ഞാവ ജാലകത്തിലൂടെ കൈകൾ നീട്ടി വിളിച്ചു:

ചിഞ്ചുക്കുഞ്ഞാവേ... ചിഞ്ചുക്കുഞ്ഞാവേ....

ചിഞ്ചു കുഞ്ഞാവയുടെ



## നടത്തം

▸▸ കേരളത്തിലെ ആദ്യ നിയമസഭാ തെരഞ്ഞെടുപ്പിൽ ഇ.എം.എസ് മൽസരിച്ച മണ്ഡലം– നീലേശ്വരം

കൈകൾ തൊട്ടു. ഓരോ രുത്തരുടെയും കൈകളെ അവൾ മാറിമാറി തൊട്ടു.

ഇത്രയും കുട്ടികളെ ഒരുമിച്ച് അവൾ ആദ്യം കാണുകയായിരുന്നു.

എല്ലാവരും അകത്തു വാ... ചിഞ്ചു പറഞ്ഞു.

ചിഞ്ചുവിന് ചുറ്റും എല്ലാവരും വട്ടംകൂടി നിന്നു. കുഞ്ഞാവ ഒരി ക്കൽക്കൂടി ചിഞ്ചുവിന്റെ മൂക്കിൽ തൊട്ടു. നല്ല മൂക്ക്... കുഞ്ഞാവ പ റഞ്ഞു.

ചിഞ്ചുവിന്റെ കവിളിലും മുടിയിലും ഉടുപ്പിലും കുഞ്ഞുകാലിലുമെല്ലാം അവർ മാറി മാറി തൊട്ടു.

ചിഞ്ചു വന്നവരെ യെല്ലാം അത്ഭുതത്തോടെ മാറി മാറി നോക്കുകയാ യിരുന്നു.

ഞാനെന്താണ് എന്റെ മക്കൾക്ക് തിന്നാൻ തരിക? ഇവിടെ ഒന്നുമില്ല ല്ലോ...!

അമ്മമ്മ സങ്കടപ്പെട്ടു.

അതിന് അവർക്കൊന്നും വേണ്ട. ചിഞ്ചുവിനെ കാണുക മാത്രമേ വേണ്ടൂ. കുഞ്ഞാ വയുടെ അമ്മ പറഞ്ഞു. അതെയെന്ന് ജുഗുനു വിന്റെ അമ്മയും തലയാ ട്ടി.

ഒരു സാധനമുണ്ട്. പെ ട്ടെന്ന് ചിഞ്ചു അമ്മമ്മയെ നോക്കിപ്പറഞ്ഞു.

എന്ത്...

അമ്മമ്മ അവളെ നോക്കി.

ചക്ക... കഴിഞ്ഞദിവസം അമ്മമ്മ പറിച്ചുകൊണ്ടുവ ച്ചില്ലേ, ആ ചക്ക പഴുത്തു.

ഓ... അമ്മമ്മയ്ക്കത് ഓർമ്മവന്നു. നല്ല വരി ക്കച്ചക്കയാണ്. ഞാൻ നോക്കട്ടേന്നും പറഞ്ഞ് അമ്മമ്മ അടുക്കളയി ലേക്ക് പോയി.

ചിഞ്ചുവാവേ, എവിടെ നിന്റെ വാലാട്ടിപ്പക്ഷി... ആയിഷ ചോദിച്ചു. ജുഗു നുവും ആ മുറിയിലെല്ലാം വാലാട്ടിപ്പക്ഷിയെ തപ്പി നോക്കുന്നുണ്ടായിരുന്നു.

അവിടെ ആ മാവിൻകൊമ്പിലുണ്ട്. നിങ്ങളെ കണ്ട് നാണിച്ചി രിക്കുകയാ...

റഫീക്ക് തന്റെ ട്രൗസ റിന്റെ കീശയിൽ ഒളിപ്പി ച്ചുവെച്ച ഒരു കുഞ്ഞു പൂവമ്പഴം എടുത്ത് ചിഞ്ചുവിനു നേരെ നീട്ടി. ഇത് ആ വാലാട്ടിപ്പി ക്ഷിക്കു കൊടുക്കോ...

അതിനെന്താ...

ചിഞ്ചു പൂവമ്പഴവു മെടുത്ത് ജാലകത്തിന്ന രികിൽ ചെന്നു. പഴം ജാലകത്തിനുമേൽ വെച്ച് അവൾ വിളിച്ചു: നോക്ക്, നിന്നെക്കാണാൻ ആരൊ ക്കെയാ വന്നിരിക്കുന്നേ ന്ന്.

വാലാട്ടിപ്പക്ഷി ചില ച്ചുകൊണ്ട് അവി ടൊയൊക്കെ പാറിക്കളി ച്ചു. പിന്നെ ജാലകത്തിനു മേൽ വന്നിരുന്നു. പിന്നെ സന്തോഷത്തോടെ ഒന്ന് വാലു കുടഞ്ഞു. ഒന്നു രണ്ടു തൂവലു കൾ പാറി മുറിയിൽ വീണു. അതിലൊന്ന് റഫീക്ക് ഓടിയെടുത്തു. ഒന്ന് കുഞ്ഞാവയ്ക്കും കിട്ടി. കുഞ്ഞാവ ആ തൂവൽകൊണ്ട് തന്റെ കണ്ണുകളെ തടവി.

വാലാട്ടിപ്പക്ഷി

## നൃത്തം ചെയ്യുന്ന തവളകൾ

കേരള- കർണാടക മലനിരകളിൽ പെട്ട പശ്ചിമഘട്ട പ്രദേശത്ത് micrixalns ജനു സ്സിൽ പെട്ട നൃത്തം ചെയ്യുന്ന തവള കളെ (Dancer Frogs) ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. പെൺ തവ ളകളെ ആകർഷിക്കാനായി ആൺ തവളകളാണ് ഇങ്ങനെ നൃത്തം ചെയ്യുന്നത്.



▸▸ കേരള നിയമസഭയിലെ ആദ്യ പ്രോട്ടേം സ്പീക്കർ- റോസമ്മ പൂന്നൂസ്

## വ്യാഴത്തിലെ ഒരു ദിവസം

ഏറ്റവും വലിയ ഗ്രഹമായ വ്യാഴത്തിലെ ഒരു ദിവസത്തിന്റെ ദൈർഘ്യം ഒൻപത് മണിക്കൂറും 55 മിനുറ്റുമാണ്. സൗരയൂഥത്തിലെ മറ്റ് ഗ്രഹങ്ങളെ അപേക്ഷിച്ച് വളരെ വേഗത്തിലാണ് വ്യാഴം ഭ്രമണം നിർവഹിക്കുന്നത് എന്നതിനാലാണിത്. എന്നാൽ വ്യാഴത്തിന് സൂര്യനെ ഒരു തവണ ഭ്രമണം ചെയ്യാൻ 11.86 വർഷം വേണം. ഇത് 12 വർഷമായി കണക്കാക്കുന്നതാണ് ഒരു വ്യാഴവട്ടം.



പിന്നെയും പറന്നുചെന്ന് മാവിൻ കൊമ്പിലിരുന്നു.

അമ്മമ്മ ചക്കയരിഞ്ഞു. എല്ലാവർക്കും കൊടുത്തു.

തേൻവരിക്കയുടെ മണം അവിടെയാകെ പരന്നു.

കുഞ്ഞൂട്ടൻ തന്റെ കൈ പിന്നെയും പിന്നെയും മണപ്പിച്ചു.

അവർ പറഞ്ഞു: നല്ല ചക്ക!

കുഞ്ഞാവ പതുക്കെ ചിഞ്ചുവിന്റെ ഒരു കൈയിൽ പിടിച്ചു. ജുഗുനു വന്ന് ചിഞ്ചുവിന്റെ മറ്റേ കൈയിലും പിടിച്ചു. ചിഞ്ചു പതുക്കെ എഴുന്നേറ്റുനിന്നപ്പോൾ ആതിരയും ആയിഷയും വന്ന് അവളെ താങ്ങിപ്പിടിച്ചു. അവർ പതുക്കെപ്പതുക്കെ ചിഞ്ചുവിനെ നടത്താൻ തുടങ്ങി.

ചിഞ്ചുവാവേ... കുഞ്ഞാവ വിളിച്ചു.

നടക്കൂ വാവേ... ജുഗുനു പറഞ്ഞു.

ചിഞ്ചുവാവേ... കുഞ്ഞു വാവേ...

നടക്കൂ വാവേ... വേഗം വാവേ...

എല്ലാവരും ഒരു പാട്ടു പോലെ അത് ഏറ്റുപാടാൻ തുടങ്ങി.

ചിഞ്ചുവാവേ... കുഞ്ഞു വാവേ...

നടക്കൂ വാവേ... വേഗം വാവേ...

പോകാൻനേരം കുഞ്ഞുവാവ ചിഞ്ചുവാവയോട് പറഞ്ഞു:

ചിഞ്ചുവാവയും അങ്കണവാടിയില് വരണം...

നല്ല രസമായിരിക്കും. ജുഗുനുവും പറഞ്ഞു.

എനിക്കും വരണ്ന്ന്ണ്ട്... ചിഞ്ചു പറഞ്ഞു.

അതും പറഞ്ഞ് സങ്കടത്തോടെ അവൾ തന്റെ കാലുകളിലേക്ക് നോക്കി.

നാളെമുതൽ ചിഞ്ചു അങ്കണവാടിയിൽ വരും. കുഞ്ഞാവയുടെ അമ്മയാണത് പറഞ്ഞത്.

ചിഞ്ചുവിനെയും ആയമ്മയെയും കൊണ്ടുവരാനും കൊണ്ടുപോകാനും ഞങ്ങളെല്ലാരും കൂടി ഒരു ഓട്ടോറിക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ജുഗുനുവിന്റെ അമ്മ പറഞ്ഞു.

ഡോക്ടറെ കാണിച്ച് അവൾക്ക് നടക്കാൻ രണ്ട് കുഞ്ഞിക്കാലുകളും ശരിയാക്കിക്കൊടുക്കണം... ആയിഷയുടെ ഉമ്മയാണത് പറഞ്ഞത്.

എല്ലാവരും കൈയടിച്ചു.

അതുകണ്ട് വാലാട്ടിക്കിളി ജാലകത്തിനു പുറത്ത് സന്തോഷത്തോടെ ഒച്ചവെച്ചു.

ഇപ്പോൾ എല്ലാവരും ചേർന്നാണ് ചിഞ്ചുവിനെ നടത്തിപ്പിക്കുന്നത്.

അവർ ഒരുമിച്ച് പാടി:

“ചിഞ്ചുവാവേ.. കുഞ്ഞുവാവേ... പൊന്നുവാവേ.. നടക്കൂ വാവേ..”

(തുടരും)